# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3123** | **13/10/2011 ൽ മറുപടിയ്ക്ക്** |

## നിയമനങ്ങൾ ത്വരിതപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. വി.എസ്. സുനിൽ കുമാർ** | **ശ്രീ. ഉമ്മൻചാണ്ടി**<br>**മുഖ്യമന്ത്രി** |
| എ) കഴിഞ്ഞ മൂന്നു മാസക്കാലമായി സെക്രട്ടേറിയറ്റ് അസിസ്റ്റന്റുമാരുടെ എത്ര തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നത് ;<br><br>ബി) ഇത്തരത്തിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ നിയമനം നടത്താത്തതിനാൽ ജീവനക്കാരുടെ ജോലിഭാരം വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>സി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോഴും നിയമനം കൃത്യമായും വേഗത്തിലും നടക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ഡി) നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | **എ, ബി, സി & ഡി**<br><br>1.4.2011 മുതൽ 31.8.2011 വരെയുള്ള കാലയളവിൽ എൻ.ജെ.ഡി., ഓപ്പൺ കാറ്റഗറി എന്നിവയിൽ 36 ഒഴിവുകൾ ഉണ്ട്. ഇതിൽ 25.7.2011-ൽ 10 എൻ.ജെ.ഡി. ഒഴിവുകളും 29.8.2011-ൽ 7 എൻ.ജെ.ഡി ഒഴിവുകളും 29.8.2011-ൽ 19 ഓപ്പൺ വേക്കൻസികളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ10 എൻ.ജെ.ഡി ഒഴിവുകളിലേക്കുള്ള നിയമന ശുപാർശ മാത്രമേ പി.എസ്.സി-യിൽ നിന്നും ലഭിച്ചിട്ടുള്ളൂ. ബാക്കി 26 ഒഴിവുകളിലേക്കുള്ള നിയമന ശുപാർശ ലഭിക്കുന്ന മുറക്ക് ഒഴിവുകളെല്ലാം നികത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ